Deshabhimani 3-2-19, p-09

# കാർഷിക സർവകലാശാല സ്ഥാപക ദിനം ആഘോഷിച്ചു

**മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിനും മലപ്പുറം കെവികെയ്ക്കും വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിനും പുരസ്കാരം**

തൃശൂർ

കേരള കാർഷിക സർവകലാശാലയുടെ നാൽപ്പത്തിയെട്ടാം സ്ഥാപക ദിനം ആഘോഷിച്ചു. കലക്ടർ ടി വി അനുപമ ഉദ്ഘാടനം ചെയ്തു. ദിനാചരണത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച മികച്ച ഗവേഷണ കേന്ദ്രത്തിനുള്ള പുരസ്കാരം മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിനും മികച്ച കൃഷി വിജ്ഞാന കേന്ദ്രത്തിനുള്ള പുരസ്കാരം മലപ്പുറം കെവി കെയ്ക്കും ലഭിച്ചു. വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിനെ ഏറ്റവും മികച്ച കോളേജായി തെരഞ്ഞെടുത്തു.

ഹോർട്ടിക്കൾച്ചർ കോളേജിലെ ഡോ. ഹസീന ഭാസ്കർ (മികച്ച അധ്യാപിക), ഡോ. എൻ മിനി രാജ് ( മികച്ച ഗവേഷക), മലപ്പുറം കെവികെയിലെ ഡോ. വി ജി സുനിൽ (മികച്ച വിജ്ഞാന വ്യാപക ശാസ്ത്രജ്ഞൻ)എന്നിവർ പുരസ്കാരങ്ങൾക്ക് അർഹരായി.

മുപ്പതുവർഷം സേവനം പൂർത്തിയാക്കിയ അധ്യാപകരേയും ജീവനക്കാരേയും തൊഴിലാളികളേയും ചടങ്ങിൽ ആദരിച്ചു.



കാർഷിക സർവകലാശാല സ്ഥാപക ദിനം കലക്ടർ ടി വി അനുപമ ഉദ്ഘാടനം ചെയ്യുന്നു

വൈസ് ചാൻസലർ ഡോ. ആർ ചന്ദ്രബാബു അധ്യക്ഷനായി. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ജസ്റ്റിൻ മോഹൻ, ഭരണ സമിതിയംഗങ്ങളായ ഡോ. എ അനിൽകുമാർ, ഡോ. കെ അരവിന്ദാക്ഷൻ, ഡോ. ടി പ്രദീപ് കുമാർ, രജിസ്ട്രാർ ഡോ. പി എസ് ഗീതക്കുട്ടി എന്നിവർ സംസാരിച്ചു. തുടർന്ന് കാർഷിക സർവകലാശാലാ ജീവനക്കാർ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.